"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-05-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്- സ്മാർട്ട് അംഗൻവാടി പദ്ധതി (പ്രോ.നം.136/19)- പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.443/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2019

---

പരാമർശം:- 1 സ.ഉ.(സാധാ) നം.3270/2018/ത.സ്വ.ഭ.വ തീയതി 30.12.2018

2 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2018-ലെ കത്ത്

3 05.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.10-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നിലവിൽ കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്ന അംഗൻവാടിയ്ക്ക് മികച്ച സൗകര്യമൊരുക്കുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'സ്മാർട്ട് അംഗൻവാടി (നം.155)' എന്ന പദ്ധതി 30.11.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം നം.4.35 പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറി നടപ്പിലാക്കാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സ്പിൽ ഓവർ പ്രോജക്ടായതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതി നടപ്പാക്കാൻ കഴിയാത്തതിനാൽ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നതുപോലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന് ടി പദ്ധതി നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി. സ്പിൽ ഓവർ പ്രോജക്ടായതിനാൽ ഇതിന് പ്രത്യേക അനുമതി നൽകാൻ 05.02.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരാമർശം ( 3 ) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.02.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറി പദ്ധതി നടപ്പാക്കണം എന്ന പരാമർശം (1) ഉത്തരവിലെ നിബന്ധന ഒഴിവാക്കി 'സ്മാർട്ട് അംഗൻവാടി (നം.155)' എന്ന പദ്ധതി (പ്രോ.നം.136/19, അടങ്കൽ തുക 1,79,779/- രൂപ) പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.02. 10:37:45
IST
Reason: Approved
സെക്ഷൻ ഓഫീസർ